പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2676

21.06.2012 ൽ മറുപടിയ്ക്ക്

# ഭൂവിനിയോഗം സംബന്ധിച്ച് ഗ്രാമസഭയ്ക്കും പഞ്ചായത്തിനും അധികാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. അടൂർ പ്രകാശ് (ബഹു.റവന്യൂ വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂരഹിതർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | കേരള സംസ്ഥാനത്തെ 2015-ാം വർഷാന്ത്യത്തോടു കൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 'Zero Landless (citizens) Kerala 2015' എന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടേയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജ് ആഫീസുകൾ മുഖേന 9.3.2012 ന് ആരംഭിച്ചിട്ടുണ്ട്. പൂരിപ്പിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) | ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും പൊതുഭൂമി നിർണ്ണയിക്കാനും രേഖപ്പെടുത്താനുമായി പ്രത്യേക സർവ്വെ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) | സംസ്ഥാനത്ത് ഇനിയും റീ സർവെ നടത്താനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം അളന്ന് തിട്ടപ്പെടുത്തിയാൽ മതിയെന്ന് 8.2.2012 ലെ മന്ത്രിസഭാ യോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| സി) | ഭൂവിനിയോഗത്തിൽ ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കും അധികാരം നൽകുന്ന മാർഗ്ഗരേഖ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ